ॐ



യദാ യദേഹ ധർമ്മസ്യ ക്ഷയോ വൃദ്ധിശ്ച പാപ്മന:
തദാ തു ഭഗവാനീശ ആത്മാനം സൃജതേ ഹരി: **(9-24-56)**
യസ്യാനനം മകര കുണ്ഡലചാരുകർണ്ണ
ഭ്രാജത് കപോലസുഭഗം സവിലാസഹാസം
നിത്യോത്സവം ന തതൃപുർദൃശിഭി: പിബന്ത്യോ
നാര്യോ നരാശ്ച മുദിതാ: കുപിതാ നി മേശ്ച **(9-24-65)**

*ശുകമുനി തുടർന്നു:*
വിദർഭന്റെ വംശീയരാണ് സാത്വതനും ദേവാവൃധനും ബഭ്രുവും. ഇവർ പ്രശസ്തരായി. സാത്വതന്റെ ഏഴാമത്തെ പുത്രനാണ് മഹാഭോജൻ. സത്വൃത്തനും ശാന്തനുമായിരുന്ന മഹാഭോജന്റെ വംശക്കാർ ഭോജൻമാർ എന്നറിയപ്പെട്ടു. ആഹുകപുത്രൻമാരായ ദേവകനും ഉഗ്രസേനനും ഈ വംശത്തിലാണ് പിറന്നത്. ദേവകന് അനേകം പുത്രൻമാരും പുത്രിമാരും ഉണ്ടായിരുന്നു. ആ കൂട്ടത്തിലൊരാളാണ് ദേവകി. വസുദേവൻ എല്ലാ സഹോദരിമാരേയും വിവാഹം ചെയ്തു. ഉഗ്രസേനനും കുറെ കുട്ടികളുണ്ടായിരുന്നു. അതിലൊരാളാണ് കംസൻ. മറ്റൊരു പിൻതലമുറക്കാരനായ ശൂരസേനന് വസുദേവനടക്കം പത്തു പുത്രൻമാർ. വസുദേവൻ ജനിച്ചപ്പോൾ ആകാശത്ത് പെരുമ്പറ മുഴങ്ങിയതിനാൽ അദ്ദേഹത്തിന് ആനകദുന്ദുഭി എന്നും പേർ. ശൂരസേനന് കുന്തിയും മറ്റ് നാലു പുത്രിമാരും ഉണ്ടായിരുന്നു. കുന്തി ദുർവാസാവു മുനിയെ സേവിച്ച് ഒരു ദിവ്യമന്ത്രം വശത്താക്കിയിരുന്നു. ജിജ്ഞാസകൊണ്ട് കന്യകയായിരിക്കുമ്പോൾത്തന്നെ മന്ത്രമൊന്ന് പരീക്ഷിക്കാൻ കുന്തി തീരുമാനിച്ചു. സൂര്യദേവൻ പ്രത്യക്ഷപ്പെട്ട് അവൾക്കൊരു പുത്രനെ നൽകി. അപമാനം ഭയന്ന് ആരുമറിയാതെ അവൾ കുഞ്ഞിനെ ഒരു പെട്ടിയിലാക്കി നദിയിലൊഴുക്കി. കുന്തിയുടെ സഹോദരി ശ്രുതദേവ വൃദ്ധശർമ്മനിലൂടെ ദന്താവക്രന് ജൻമം നൽകി. രാക്ഷസഗുണങ്ങളാണയാൾ പ്രകടിപ്പിച്ചത്. മറ്റൊരു സഹോദരി സ്രുതസ്രവയ്ക്ക് ചേടിരാജാവിലൂടെ ദമഘോഷൻ ശിശുപാലൻ എന്നീ പുത്രൻമാരും ഉണ്ടായി. ഇവരും രാക്ഷസീയസ്വഭാവക്കാരായിരുന്നു.

വസുദേവന് ദേവകിയും സഹോദരിമാരുമായി പലേ ഭാര്യമാരുണ്ടായിരുന്നു. രോഹിണിയിൽ ബലനും മറ്റു കുട്ടികളും അദ്ദേഹത്തിന് ജനിച്ചു. ദേവകിയിൽ അദ്ദേഹത്തിന് പലേ കുട്ടികളും ജനിച്ചു. ഭഗവാൻ സംഘർഷണൻ. ഭഗവാൻ കൃഷ്ണൻ. അങ്ങയുടെ മുത്തശ്ശി സുഭദ്ര എന്നിവർ ദേവകീ സന്താനങ്ങളത്രെ.

“എവിടെയാണോ ധർമ്മച്യുതിയുണ്ടാവുന്നത് എവിടെയാണോ പാപം വർദ്ധിക്കുന്നത് അവിടെ ഭഗവാൻ അവതരിക്കുന്നു. ഈ വിശ്വം മുഴുവനും സൃഷ്ടിച്ച് പരിപാലിച്ച് സംഹരിച്ച് ഭഗവാന്റെ മായാവിലാസം പ്രകടമാക്കുന്നു. എന്നാൽ ഭഗവൽകൃപയാൽ ഒരുവൻ എല്ലാ പരിണാമവികാസത്തിൻേറയും അന്തിമലക്ഷ്യമായ ആത്മസാക്ഷാത്കാരത്തിലേക്ക് നയിക്കപ്പെടുന്നു. ഭൂമി രാജാക്കൻമാരുടേയും ഭരണകർത്താക്കളുടേയും വേഷമണിഞ്ഞ രാക്ഷസർ ഭരിക്കുമ്പോൾ ഭഗവാൻ സ്വയം കൃഷ്ണനും സംഘർഷണനുമായി അവതാരമെടുത്ത് പലേ അത്ഭുതങ്ങളും ചെയ്തു. ഈ മഹിമാവിശേഷങ്ങൾ ഒരിക്കലെങ്കിലും കേൾക്കുന്നവർക്ക് കർമ്മപാശത്തിൽനിന്നും മോചനം ലഭിക്കുന്നു. തന്റെ ഓരോ വാക്കിലും ചിന്തയിലും പ്രവർത്തിയിലും ആഹ്ലാദജനകങ്ങളായ ലീലാവിനോദങ്ങളിലും ഭഗവാൻ തന്റെ സമകാലീനർക്ക് അതീവസന്തോഷം പ്രദാനം ചെയ്തു. അവർ -പ്രത്യേകിച്ചും സ്ത്രീജനങ്ങൾ- ഭഗവാന്റെ പരമസുന്ദരമായ മുഖകമലം ദർശിച്ച് തൃപ്തി വരാതെ നിമിയോട് അസഹ്യത പ്രകടിപ്പിച്ചു. കൺപീലികളെ ഇടക്കിടയ്ക്ക് അടപ്പിച്ച് ഭഗവൽദർശനത്തിന് ഭംഗം വരുത്തുന്നത് നിമിയാണല്ലോ. ”